(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) റസ്റ്റ് ഹൗസുകൾ പാട്ടത്തിന് നൽകുന്നതിനുവേണ്ടി അവയുടെ വാലുവേഷൻ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് നടത്തിയത് എന്നറിയിക്കുമോ ;

(ഡി) ഏതൊക്കെ റസ്റ്റ് ഹൗസുകളാണ് ഇതുവരെ പാട്ടത്തിന് നൽകിയത് ; പാട്ടത്തുക എത്രയെന്ന് വ്യക്തമാക്കുമോ ; പാട്ടത്തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണ് ;

(ഇ) ഇതുവരെ എന്തു തുക പാട്ടത്തുകയായി ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ-ഡി) ഒരു കൺസഷൻ കരാറിന്റെ അടിസ്ഥാനത്തിൽ മൂന്ന് റസ്റ്റ് ഹൗസുകൾ റിനോവേറ്റ്-ഓപ്പറേറ്റ്-മെന്റയിൽ-ട്രാൻസ്ഫർ (ROMT) വ്യവസ്ഥയിൽ പുനരുദ്ധീകരിച്ച് നടത്തുന്നതിലേയ്ക്കായി സ്വകാര്യ സംരംഭകർക്ക് കൈമാറിയിട്ടുണ്ട്. റസ്റ്റ് ഹൗസുകളുടെ വാണിജ്യമൂല്യം കണക്കാക്കിയശേഷം മുൻകൂട്ടി നിശ്ചയിച്ച തുകയ്ക്കു മേലെ ഏറ്റവും കൂടിയ തുക ആരുനൽകുമോ അവരുമായി കരാർ എന്നതായിരുന്നു അടിസ്ഥാനം. കൈമാറിയ റസ്റ്റ് ഹൗസുകൾക്ക് മുപ്പത് വർഷത്തെ കൺസഷൻ കാലയളവിൽ ലഭിക്കുന്ന മൊത്തം തുക താഴെ കൊടുത്തിരിക്കുന്നു:

സ്ഥലം	തുക (ലക്ഷം രൂപ)
മൂന്നാർ	350.00
ആലുവ	97.65
വൈക്കം	91.10

(സി) ബാംഗ്ലൂരിലെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫിനാൻസ് കമ്പനിയെക്കൊണ്ട് വാല്യൂവേഷൻ നടത്തിച്ചിരുന്നു.

(ഡി & ഇ) ആദ്യവർഷം നൽകേണ്ട തുകയായ 11.5 ലക്ഷം രൂപ ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യാൻ നടപടി

9 (*740) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപ വർമ്മ തമ്പാൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നത് ;

(സി) കശുവണ്ടി, ഏലം, കുരുമുളക് മുതലായ കൃഷികളെ പ്ലാന്റേഷനായി അംഗീകരിച്ച് അവ കൃഷി ചെയ്യുന്ന ഭൂമിയെ സീലിംഗിൽ നിന്ന് ഒഴിവാക്കാനുദ്ദേശ്യമുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) കശുമാവ് കൃഷിയെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിയും, മിച്ചഭൂമിയായി പ്രഖ്യാപിച്ചതിൽ ഉൾപ്പെട്ട സ്ഥലങ്ങൾ വിലയ്ക്ക് വാങ്ങുകയോ മറ്റ് വിധത്തിൽ ആർജ്ജിക്കുകയോ അഥവാ രജിസ്റ്റേർഡ് പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ കൈവശംവച്ച് അനുഭവിക്കുകയോ കൃഷി ചെയ്യുകയോ ചെയ്യുന്ന ചെറുകിട കർഷകരേയും കൈവശക്കാർക്കും അവരുടെ ഭൂമിയിൽ സ്ഥിരാവകാശം നൽകുന്നതിനുവേണ്ടി കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നു.

(സി) കശുമാവ് എസ്റ്റേറ്റുകളെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കുന്നതിനായി നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട് ; കുരുമുളക് കൃഷിക്ക് നിലവിൽ ഭൂപരിധി നിയമം ബാധകമാണ് ; കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 2(44) അനുസരിച്ച് ഏലം കൃഷിയെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

നോർക്ക ഭവനുകൾ

10 (*741) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയുടെ പ്രധാന നഗരങ്ങളിൽ നോർക്ക ഭവനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ ഈ ഭവനുകൾ വഴി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഇന്ത്യയുടെ പ്രധാന നഗരങ്ങളിൽ നോർക്ക ഭവനുകൾ സ്ഥാപിക്കുന്നതിനായുള്ള ഒരു നിർദ്ദേശം ജൂലായ് 12,13 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന മറുനാടൻ മലയാളി സംഗമം 'സമന്വയം 2003' അംഗീകരിച്ച കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly